## 333

*രീതി: നിത്യവന്ദനം നിനക്കു*

സ്വർഗ്ഗപിതാവിൻ മടിയിൽ പാർക്കും നാഥനേ!
സ്വർഗ്ഗം വിട്ടീ ഭൂമിയിൽ നീ വന്നതെങ്ങനെ?

1 എത്രയോ മഹത്ത്വമേറും നിൻ പദവിയെ
മർത്യലോകത്തിനുവേ ി വിട്ടൊഴിഞ്ഞു നീ--

2 മൃത്യുവിന്റെ കയ്പറിയാ നിത്യനാഥനേ!
ശത്രുരക്ഷ ചെയ്‌വതിന്നായത്ര വന്നു നീ-

3 ഭക്തിഹീനരായിരുന്ന ഞങ്ങൾക്കുവേ ി
മൃത്യുവെ സഹിപ്പാൻ മടികാട്ടിയില്ല നീ-

4 സത്യദൈവത്തിന്നറിവാൽ മർത്ത്യരെയെല്ലാം
ശുദ്ധീകരിച്ചെടുപ്പാനായ് മൃത്യുവേറ്റു നീ-

5 ദൃശ്യമല്ലാതുള്ള ദൈവതത്വമശേഷം
വിശ്വമതിൽ തെളിയിച്ച വിശ്വനാഥൻ നീ

6 ഏകജാതനായവന്റെ തേജസ്സായ് ഞങ്ങൾ
ദേവസുതാ തിരുതേജസ്സിന്നും കാണുന്നു-

7 ദീപതുല്യശോഭയോടു ജീവിപ്പാൻ നിന്റെ
ജീവവഴി തെളിയിക്ക ജീവനായകാ!- **K.V.S.**